(ബി) ഈ കോർപ്പറേഷൻ നൽകുന്ന ബഹുഭൂരിപക്ഷം വായ്പകളും നിർമ്മാണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടിയല്ല നൽകുന്നത്. ആയതിനാൽ വിപണനം നടത്തുന്നതിന് ഈ കോർപ്പറേഷൻ നിലവിൽ സഹായം ഒന്നും നൽകുന്നില്ല.

(സി, ഡി) ഉണ്ട്. ഇങ്ങനെ വായ്പാ കുടിശ്ശിക വരുത്തിയവർക്ക് ഇളവുകൾ നൽകി വൺടൈം സെറ്റിൽമെന്റ് (ഒ. റ്റി. എസ്.) പോലുള്ള പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മുൻപരിചയമോ സാങ്കേതിക കഴിവോ ഇല്ലാത്ത വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി വായ്പാ വിതരണ വേളയിൽ 'പ്രീ-ഡിസ്ബേഴ്സ്മെന്റ് കൗൺസിലിംഗ് ' നടപ്പാക്കി വരുന്നുണ്ട്. ഈ കൗൺസിലിംഗുകളിൽ ഒരു സ്വയം തൊഴിൽ സംരംഭം വിജയപ്രാപ്തിയിലെത്തുന്നതിന് വേണ്ടിയുള്ള എല്ലാ കാര്യങ്ങളെ കുറിച്ചും വിവരിക്കുന്നുണ്ട്.

(ഇ) ദീർഘകാലമായി തിരിച്ചടയ്ക്കാതെയും നടപടികൾ സ്വീകരിക്കാതെയും കുടിശ്ശികയായും വായ്പത്തുകകൾ ഫലപ്രദമായി പിരിച്ചെടുക്കുന്നതിനു വേണ്ടി ഓരോ കേസിലും ഉൾപ്പെട്ടിട്ടുള്ള വായ്പാത്തുക വായ്പയെടുക്കുന്ന വ്യക്തിയുടെ വർത്തമാന കാല സാഹചര്യം എന്നിവ സൂക്ഷ്മമായി നീരീക്ഷിച്ച് പിഴപ്പലിശയിൽ പരമാവധി ഇളവുകൾ നൽകുന്നതിനും തുടർനടപടികൾ കൈക്കൊള്ളുന്നതിനുമായി ഒരു അസിസ്റ്റന്റ് മാനേജരെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (ഒ. എസ്. ഡി.) ആയി നിയോഗിച്ചിട്ടുണ്ട്. ഈ ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറും ചെയർമാനും നടത്തുന്ന കമ്മിറ്റിയിൽ റിപ്പോർട്ട് സമർപ്പിക്കുകയും തീർപ്പ് കൽപ്പിക്കുകയും ചെയ്യുന്ന നടപടികൾ തുടർന്ന് വരികയാണ്.

ഇന്റർനാഷണൽ ഹിൽ ടൂറിസം പദ്ധതി

*11 [956] ശ്രീ. പി. എസ്. സുപാൽ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനാഷണൽ ഹിൽ ടൂറിസം പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരമുള്ള എത്ര പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്നും എവിടെയെല്ലാം ഈ പദ്ധതിക്ക് വേണ്ടിയുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇത്തരത്തിലുള്ള ചില പദ്ധതികൾ ജൈവ വൈവിദ്ധ്യ മേഖലകൾക്ക് നശീകരണമുണ്ടാക്കുമെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) ഉണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ബി) വാഗമണ്ണിൽ ഇത്തരം ഒരു പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

ടൂറിസ്റ്റുകൾക്കുള്ള താമസ സൗകര്യങ്ങൾ

*12 [957] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, ലൂഡീ ലൂയിസ്:
,, പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസ്റ്റുകളെ വഹിച്ചുകൊണ്ടുള്ള എത്ര ചാർട്ടേഡ് ഫ്ളൈറ്റുകളും, യാത്രാ കപ്പലുകളും സംസ്ഥാനത്ത് കഴിഞ്ഞവർഷം എത്തിച്ചേർന്നു;

(ബി) ഇത്തരത്തിൽ എത്തുന്ന ടൂറിസ്റ്റുകൾക്കുള്ള താമസസൗകര്യങ്ങൾ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിൽ നിലവിലുണ്ടോ;

(സി) കൂടുതൽ സ്റ്റാർ ഹോട്ടലുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് എന്തെല്ലാം സഹായം നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ടൂറിസ്റ്റുകൾക്ക് ആവശ്യമായ ഗൈഡൻസ് നൽകുവാൻ എന്തെല്ലാം സംവിധാനങ്ങളുണ്ട്?

ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (പ്രൊഫ. കെ. വി. തോമസ്):

(എ) കഴിഞ്ഞ ടൂറിസ്റ്റ് സീസണിൽ 102 ചാർട്ടേഡ് ഫ്ളൈറ്റുകൾ സംസ്ഥാനത്ത് എത്തിച്ചേർന്നു. യാത്രാകപ്പലുകളുടെ വിവരം ശേഖരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) മുടക്കുമുതലിന്റെ 10% (പരമാവധി 10 ലക്ഷം രൂപവരെ) ഇൻവെസ്റ്റ്മെന്റ് സബ്സിഡിയായി നൽകും. ഇലക്ട്രിസിറ്റി താരീഫ് ഇളവ്, മലിനീകരണ നിയന്ത്രണ പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപ പരിധിക്ക് വിധേയമായി 15% ഇളവ്, വിദേശ നിക്ഷേപകർക്കായി പ്രത്യേകം ഇളവ്, 50 കോടിയിൽ കൂടുതൽ മുതൽ മുടക്കുന്നവർക്ക് പ്രത്യേക പാക്കേജ് എന്നീ ഇനങ്ങളിൽ സർക്കാർ സഹായങ്ങൾ നൽകുന്നുണ്ട്.

(ഡി) ടൂറിസം വകുപ്പിന്റെ കീഴിലുള്ള ഇൻഫർമേഷൻ സെന്ററുകൾ, കിയോസ്ക് ടച്ച്സ്ക്രീൻ, ബ്രോഷറുകൾ, സി. ഡി.-കൾ, ടോൾഫ്രീ-ഫോൺ, ടൂറിസം വെബ്സൈറ്റ്, പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ടൂറിസം പോലീസിന്റെ സേവനം എന്നീ സംവിധാനങ്ങൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly